# ആത്മീയതയതക്ക് ഒരു മറ

വിദേശത്ത് പോയാണ് അയാൾ എഞ്ചിനീയറിംഗ് ബിരുദം എടുത്തത്. നാട്ടിൽ ഭേദപ്പെട്ട ജോലി. സൗകര്യങ്ങൾ. ഒരു കാര്യത്തിലും ആവലാതിയോ വേവലാതിയോ ഇല്ല. മക്കളും ഉയർന്ന നിലയിൽ പഠിക്കുന്നവർ. ജീവിതത്തെ സംബന്ധിച്ച് പ്രത്യേകിച്ച് ഒരു കാഴ്ചപ്പാടും അയാൾക്കില്ല. അതിനാൽ മതമോ ചടങ്ങുകളോ ഇല്ല.

ഒരു ദിവസം രാവിലെ ഉറങ്ങി എഴുന്നേറ്റത് കിടന്നിടത്തുനിന്നല്ല. വേറെ റൂമിൽ. രണ്ട് ദിവസം ഇത് ആവർത്തിച്ചു. അന്ന് കഴുത്തിൽ ചെറിയ ഒരു മുറിവിന്റെ പാട് കണ്ടു. അത് കണ്ടതോടെ രണ്ട് നാൾ കൊണ്ടു നടന്ന ഭയം ഇരട്ടിയായി. ആ കുടുംബമാകെ വിറക്കാൻ തുടങ്ങി. അയൽവാസികളുടെ നാവിൽനിന്ന് നാട്ടിലേക്ക് വിവരം ഒഴുകി. ചികിത്സാവിധികൾ പലതും വന്നു.

എഞ്ചിനീയർ സ്ഥലത്തെ പ്രധാന ദിവ്യനെ സമീപിച്ചു. ദിവ്യന്റെ നാവിൽ നിന്ന് ഭയം പ്രസാദമായി കിട്ടി. പിന്നെ ആഴ്ചകൾ നീണ്ട ചികിത്സാപരമ്പര. പിന്നെയാണ് ഓർമവന്നത്, എന്തോ ആവശ്യത്തിന് പുസ്തകം റഫർ ചെയ്യുന്നതിനായി റീഡിംഗ് റൂമിൽ ചെന്നിരിക്കുകയും അവിടെ തന്നെ ഉറക്കിലേക്ക് വീഴുകയുമായിരുന്നെന്ന്.

ഇത് അസാധാരണസംഭവം.

വിദ്യാഭ്യാസം കൂടുംതോറും നമുക്ക് മനോധൈര്യവും ആത്മവീര്യവും നഷ്ടപ്പെടുകയാണ്. അകാരണമായ ഒരുതരം ഭയം നമ്മെ വല്ലാതെ അലട്ടുന്നുണ്ട്. ഈ ഭയമാണ് തന്ത്രശാലികളായ ആളുകളെ ആത്മീയകച്ചവടത്തിലേക്ക് നയിക്കുന്നത്. ഇവരുടെ കഥയറിയാവുന്ന ആളുകൾ തന്നെയാണ് ഇവരെ വളർത്തിക്കൊണ്ടുവരുന്നത്. കമ്മീഷനാണ് അവിടെ പ്രതിഫലം.

സാധാരണക്കാരുടെ ഭയം മുതലെടുത്ത് സന്യാസിമാരും ദിവ്യന്മാരുമായി മാറുന്ന ഇത്തരക്കാരുടെ മറക്കു പിന്നിൽ കിട്ടാത്തതൊന്നും ഇല്ല. ഭരണകൂടത്തെ നിയന്ത്രിക്കുന്ന മാഫിയകൾ പോലും ഇവരുടെ കൂടെയാണ്.

ആത്മീയത ഇന്ന് അവിശുദ്ധമായ കച്ചവടത്തിന്റെ കപടവേഷത്തിലേക്ക് തരംതാഴ്ന്നിരിക്കുന്നു. പൊറുക്കപ്പെടാനാകാത്ത കൊടും കുറ്റങ്ങൾ ചെയ്തവർ വരെ ഒരു നാൾ താടിയും മുടിയും നീട്ടി വസ്ത്രത്തിൽ കാര്യമായ മാറ്റം വരുത്തി നാട്ടിലേക്കിറങ്ങുന്നത് ചെയ്ത കുറ്റത്തിന്റെ പേരിലുള്ള മനസ്സാക്ഷിക്കുത്തുകൊണ്ടല്ല. പുതിയ റോളിൽ, പുതിയ മേച്ചിൽപുറം തേടുകയാണവർ ചെയ്യുന്നത്. ഭരണകൂടം മുതൽ നിയമപാലകർ വരെ ഇവരുടെ വേഷപ്രച്ഛന്നതക്ക് കൂട്ട് നിൽക്കുന്നുണ്ട്. എന്തിനും ഏതിനും പത്രസമ്മേളനം നടത്തി നാടിനെ വിറപ്പിക്കുന്ന രാഷ്ട്രീയപ്രമു ഖരിൽ പലരും റിസോർട്ട് സ്വാമിമാരുടെയും ഭൂസന്ന്യാസിമാരുടെയും ലൈംഗികവീരുതന്മാരുടെയുമൊക്കെ അരങ്ങ് തകർക്കലിൽ മൗനം പാലിക്കുന്നത് നല്ല പ്രതീക്ഷയല്ല തരുന്നത്.

കേരളം നന്നാകുകയല്ല ചെയ്യുന്നത്. നശിപ്പിക്കുകയാണ്. അത് ഭ്രാന്താലയ മായി മാറുകയാണ്. പലർക്കും അതിൽ നേരിട്ടോ അല്ലാതെയോ പങ്കുണ്ട്.

അവിശുദ്ധവും അവിഹിതവുമായി കാര്യങ്ങൾ നടമാടുമ്പോൾ എന്തിന്റെ പേരിലാണ് ഭരണകൂടവും നിയമപാലകരും മൗനം പാലിക്കുന്നതെന്ന് മനസ്സിലാക്കാ വുന്നതേയുള്ളൂ. ഇത്തരം സിദ്ധന്മാരുടെയും സന്ന്യാസിമാരുടെയും ക്യാമ്പുകളിൽ നടമാടുന്ന വൈകൃതങ്ങൾക്ക് ആരാണ് ഉത്തരം പറയുക?

സാധാരണക്കാർക്കാണ് ഇത്തരം വിഷയങ്ങളിൽ ധാരണ ധാരാളം വേണ്ടത്. നമുക്ക് അറിവ് വർധിക്കുംതോറും ആത്മധൈര്യം കരസ്ഥമാക്കാൻ സാധിക്കണം. സൗകര്യങ്ങൾ മാനദണ്ഡമാക്കാതെ ദൈവത്തെ കണ്ടെത്തിയെങ്കിൽ മാത്രമേ നമുക്ക് വിശ്വാസവും അതിൽനിന്ന് ആത്മധൈര്യവും ലഭിക്കുകയുള്ളൂ.

നാമാണ് കപടന്മാരും കുറ്റവാളികളുമായ സന്ന്യാസിമാർക്കും ദിവ്യന്മാർക്കും ജീവൻ പകർന്നുനൽകുന്നത്. അവരെ തിരിച്ചറിയാനും പ്രതികരിക്കാനും നാം ശ്രമിക്കുകയാണെങ്കിൽ അത്തരക്കാർ നമുക്കിടയിൽ വിലസുകയില്ല– തീർച്ച.